നം. CEE/1100/PGM-2021/TA1

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം-695001**

**പത്രക്കുറിപ്പ്**
**പി.ജി.മെഡിക്കൽ കോഴ്സുകളിലേക്കുള്ള പ്രവേശനം 2021**
**അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് പ്രൊഫൈൽ പരിശോധിക്കാനുള്ള അവസരം**

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലും, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും, സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ലഭ്യമായ സീറ്റുകളിൽ 2021-22 അദ്ധ്യയന വർഷത്തെ വിവിധ പി .ജി.മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി www.cee.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ അപേക്ഷകൾ സമർപ്പിച്ച വിദ്യാർത്ഥികൾക്ക് അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിക്കുന്നതിന് മേൽ വെബ് സൈറ്റിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷാർത്ഥികൾ മേൽ വെബ്സൈറ്റിലെ **'PG Medical 2021- Candidate Portal'**എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പരും, പാസ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം 'Memo' എന്ന ലിങ്ക് ക്ലിക്ക് ചെയ്താൽ അപേക്ഷയിലെ ന്യൂനതകൾ കാണാവുന്നതാണ്. അപേക്ഷയിൽ ന്യൂനതകൾ ഉള്ള പക്ഷം ഹോം പേജിലെ മെമ്മോ ലിങ്കിലൂടെ ആവശ്യമായ രേഖകൾ/സർട്ടിഫിക്കറ്റുകൾ എന്നിവ **27.1.2022 5.00pm** വരെ അപ്‌ലോഡ് ചെയ്യാവുന്നതാണ്.അപേക്ഷാ ഫീസ് സംബന്ധമായ മെമ്മോ ലഭ്യമായിട്ടുള്ള വിദ്യാർത്ഥികൾക്ക് , 27.1.2022 വൈകിട്ട് 5.00 മണിക്കകം പ്രസ്തുത തുക അടച്ച് മെമ്മോ പരിഹരിക്കാവുന്നതാണ്.

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.01.25 16:07:05 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**25/01/2022**